**മൂപ്പന്മാർക്കും**
**ഉത്തരവാദിത്തപ്പെട്ടവർക്കുമുള്ള**
**അന്തർദേശീയ പരിശീലനം**
നവംബർ 2025

**പൊതുവിഷയം:**
**മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളുടെ നിർണയാക വശങ്ങൾ**

ദൂത് മൂന്ന്
**രാജ്യജീവിതത്തിന് നിർണായകമായ പ്രാർഥന**

SC *Hymns*: ML573

തിരുവെഴുത്ത് വായന: മത്താ. 6:6, 9-13; ലൂക്കൊ. 11:1-13; 19:46

| | |
|---|---|
| മത്താ. 6:6 | എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും. |
| മത്താ. 6:9 | അതിനാൽ നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; |
| മത്താ. 6:10 | നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ. |
| മത്താ. 6:11 | അന്നന്നുള്ള ഞങ്ങളുടെ അപ്പം ഇന്നു ഞങ്ങൾക്കു നൽകേണമേ. |
| മത്താ. 6:12 | ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. |
| മത്താ. 6:13 | ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ; എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ. |
| ലൂക്കൊ. 11:1 | പിന്നെ അവൻ ഒരു സ്ഥലത്ത് പ്രാർഥിച്ചുകൊണ്ടിരിക്കുകയായിരുന്നു, അവൻ നിർത്തിയപ്പോൾ, അവന്റെ ശിഷ്യന്മാരിൽ ഒരുവൻ അവനോട്, കർത്താവേ, യോഹന്നാനും അവന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെ പ്രാർഥിക്കുവാൻ പഠിപ്പിക്കേണം എന്നു പറഞ്ഞു. |
| ലൂക്കൊ. 11:2 | അവൻ അവരോടു പറഞ്ഞു, നിങ്ങൾ പ്രാർഥിക്കുമ്പോൾ, പറയുവിൻ, പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ. |
| ലൂക്കൊ. 11:3 | അന്നന്നുള്ള ഞങ്ങളുടെ അപ്പം ഓരോ ദിവസവും ഞങ്ങൾക്കു നൽകേണമേ. |
| ലൂക്കൊ. 11:4 | ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ, ഞങ്ങളും ഞങ്ങളോടു കടംപെട്ടിരിക്കുന്ന എല്ലാവരോടും ക്ഷമിക്കുന്നു. |

ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരരുതേ.

ലൂക്കൊ. 11:5 അവൻ അവരോട് പറഞ്ഞു, നിങ്ങളിൽ ആർക്ക് ഒരു സ്നേഹിതൻ ഉണ്ടായിട്ട്, അർധരാത്രിയിൽ അവന്റെ അടുക്കൽ പോയി അവനോട്, സ്നേഹിതാ, എനിക്കു മൂന്ന് അപ്പം കടം നൽകേണം,

ലൂക്കൊ. 11:6 എന്റെ ഒരു സ്നേഹിതൻ യാത്രയിൽ എന്റെ അടുക്കൽ വന്നതിനാൽ, അവന്റെ മുമ്പാകെ വയ്ക്കുവാൻ എനിക്ക് ഒന്നും ഇല്ല എന്നു പറയുകയും,

ലൂക്കൊ. 11:7 അവൻ അകത്തുനിന്ന്, എന്നെ ബുദ്ധിമുട്ടിക്കരുത്, നേരത്തെതന്നെ വാതിൽ അടച്ചിരിക്കുന്നു, എന്റെ കുഞ്ഞുങ്ങൾ എന്നോടൊപ്പം കട്ടിലിലുണ്ട്; എഴുന്നേറ്റ് നിനക്ക് എന്തെങ്കിലും തരുവാൻ എനിക്കു കഴിയില്ല എന്നു ഉത്തരം പറയുകയും ചെയ്യും?

ലൂക്കൊ. 11:8 ഞാൻ നിങ്ങളോടു പറയുന്നു, അവൻ അവന്റെ സ്നേഹിതൻ ആയതിനാൽ, എഴുന്നേറ്റ് അവന് ഒന്നും കൊടുത്തില്ലെങ്കിൽ കൂടി, തീർച്ചയായും അവന്റെ ലജ്ജയില്ലാത്ത നിരന്തരമായ നിർബന്ധം നിമിത്തം എഴുന്നേറ്റ് ആവശ്യമായത് അവനു നൽകും.

ലൂക്കൊ. 11:9 ഞാൻ നിങ്ങളോടു പറയുന്നു, ചോദിക്കുവിൻ നിങ്ങൾക്കു നൽകപ്പെടും; അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും.

ലൂക്കൊ. 11:10 എന്തെന്നാൽ ചോദിക്കുന്ന ഏവനും ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവനു തുറക്കപ്പെടുകയും ചെയ്യും.

ലൂക്കൊ. 11:11 എന്നാൽ മകൻ മീൻ ചോദിക്കുമ്പോൾ, മീനിനു പകരം പാമ്പിനെ കൊടുക്കുന്ന ഏതു പിതാവ് നിങ്ങളുടെ ഇടയിൽ ഉണ്ട്?

ലൂക്കൊ. 11:12 അല്ലെങ്കിൽ അവൻ മുട്ട ചോദിച്ചാൽ അവനു തേളിനെ കൊടുക്കുമോ?

ലൂക്കൊ. 11:13 അങ്ങനെ ദുഷ്ടന്മാരായിരിക്കേ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ഉപഹാരങ്ങളെ നൽകുവാൻ അറിയുന്നുവെങ്കിൽ, സ്വർഗത്തിൽ നിന്നുള്ള പിതാവ് തന്നോടു ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം നൽകും!

ലൂക്കൊ. 19:46 അവരോട് പറഞ്ഞത്, "എന്റെ ആലയം പ്രാർഥനാലയമാകും" എന്ന് എഴുതിയിരിക്കുന്നു, എന്നാൽ നിങ്ങൾ അതിനെ കൊള്ളക്കാരുടെ ഗുഹയാക്കിയിരിക്കുന്നു.

**I. രാജ-രക്ഷകൻ ഒരു പ്രാർഥനാ മനുഷ്യനായിരുന്നു, (ലൂക്കൊ. 3:21-22; 5:16; 6:12; 9:16, 23-24, 28-29; 22:31-32, 39-41, 44; 23:34, 46-47; സങ്കീ. 102:7; 109:4), പിതാവിന്റെ ഭവനമായ സഭ പ്രാർഥനാ ഭവനമായിരിക്കണമെന്നതിനെ സംബന്ധിച്ച് അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (ലൂക്കൊ. 19:46; പ്ര.നി. 2:49); കർത്താവ് പ്രാർഥിക്കുന്നത് ശിഷ്യന്മാർ കണ്ടപ്പോൾ, തങ്ങളെയും പ്രാർഥിക്കുവാൻ പഠിപ്പിക്കണമെന്ന് അവർ അവനോട് ആവശ്യപ്പെട്ടു (11:1):**

ലൂക്കൊ. 3:21 ജനം എല്ലാം സ്നാനപ്പെടുകയും യേശുവും സ്നാനപ്പെട്ട് പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ, സ്വർഗം തുറന്നു,

ലൂക്കൊ. 3:22 പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവ് എന്നപോലെ അവന്റെമേൽ ഇറങ്ങിവന്നു. നീ എന്റെ പുത്രൻ, പ്രിയനായവൻ; നിന്നിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു എന്ന് സ്വർഗത്തിൽനിന്ന് ഒരു ശബ്ദവും ഉണ്ടായി.

ലൂക്കൊ. 5:16 എന്നാൽ അവൻ പലപ്പോഴും മരുഭൂമിയിൽ പിൻവാങ്ങി പ്രാർഥിച്ചിരുന്നു.

ലൂക്കൊ. 6:12 ഈ നാളുകളിൽ അവൻ പ്രാർഥിക്കുവാനായി മലയിലേക്കു പോയി, രാത്രി മുഴുവൻ ദൈവത്തോടു പ്രാർഥനയിൽ ചെലവഴിച്ചു.

ലൂക്കൊ. 9:16 അവൻ അഞ്ച് അപ്പവും രണ്ട് മീനും എടുത്ത് സ്വർഗത്തിലേക്കു നോക്കിക്കൊണ്ട്, അവയെ അനുഗ്രഹിച്ചു, നുറുക്കി, പുരുഷാരത്തിനു മുമ്പാകെ വയ്ക്കുവാൻ ശിഷ്യന്മാർക്കു കൊടുത്തു.

ലൂക്കൊ. 9:23 പിന്നെ അവൻ എല്ലാവരോടും പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, ദിനന്തോറും തന്റെ ക്രൂശ് എടുത്ത്, എന്നെ അനുഗമിക്കട്ടെ.

ലൂക്കൊ. 9:24 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ രക്ഷിക്കും.

ലൂക്കൊ. 9:28 ഈ വാക്കുകൾക്ക് ഏകദേശം എട്ടു ദിവസങ്ങൾക്കു ശേഷം, അവൻ പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ട്, പ്രാർഥിക്കുവാൻ മലയിലേക്കു കയറിപ്പോയി.

ലൂക്കൊ. 9:29 അവൻ പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ, അവന്റെ മുഖത്തിന്റെ പ്രത്യക്ഷതയ്ക്കു വ്യത്യാസം ഉണ്ടായി, അവന്റെ വസ്ത്രം കണ്ണഞ്ചിപ്പിക്കുന്ന വെള്ളയുമായി.

ലൂക്കൊ. 22:31 ശിമോനേ, ശിമോനേ, ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റുവാൻ ചോദിച്ചിരിക്കുന്നു.

ലൂക്കൊ. 22:32 എന്നാൽ ഞാൻ നിന്നെ സംബന്ധിച്ച്, നിന്റെ വിശ്വാസം നിലച്ചുപോകാതിരിക്കേണ്ടതിന് അപേക്ഷിച്ചിരിക്കുന്നു; നീയോ, വീണ്ടും തിരിഞ്ഞ ശേഷം, നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക.

ലൂക്കൊ. 22:39 പിന്നെ അവൻ പുറത്തുവന്ന് അവന്റെ പതിവുപോലെ ഒലിവുമലയിലേക്കു പുറപ്പെട്ടു; ശിഷ്യന്മാരും അവനെ അനുഗമിച്ചു.

ലൂക്കൊ. 22:40 അവൻ ആ സ്ഥലത്ത് എത്തിയപ്പോൾ, അവരോട്, പരീക്ഷയിലേക്കു പ്രവേശിക്കാതിരിക്കുവാൻ പ്രാർഥിക്കുവിൻ എന്നു പറഞ്ഞു.

ലൂക്കൊ. 22:41 അവൻ അവരിൽനിന്ന് ഏതാണ്ട് ഒരു കല്ലേറുദൂരത്തേക്ക് പിൻവാങ്ങി, മുട്ടുകുത്തി പ്രാർഥിച്ചു,

ലൂക്കൊ. 22:44 പ്രാണവേദനയിലായിട്ട്, അവൻ വ്യഗ്രതയോടെ പ്രാർഥിച്ചു, അവന്റെ വിയർപ്പ് വലിയ രക്തത്തുള്ളികൾ പോലെയായി താഴെ നിലത്ത് വീണുകൊണ്ടിരുന്നു.

ലൂക്കൊ. 23:34 യേശുവോ, പിതാവേ, അവരോട് ക്ഷമിക്കേണമേ, അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല എന്നു പറഞ്ഞു. പിന്നെ അവന്റെ

വസ്ത്രങ്ങളെ വീതിച്ചുകൊണ്ട്, അവർ നറുക്കിട്ടു.

ലൂക്കൊ. 23:46 യേശുവോ ഉച്ചത്തിൽ വിളിച്ചുകൊണ്ട്, പിതാവേ, ഞാൻ എന്റെ ആത്മാവിനെ നിന്റെ കരങ്ങളിലേക്ക് ഭരമേൽപ്പിക്കുന്നു എന്നു പറഞ്ഞു. ഇതു പറഞ്ഞിട്ട്, അവൻ മരിച്ചു.

ലൂക്കൊ. 23:47 നടന്നത് എന്തെന്നു ശതാധിപൻ കണ്ടപ്പോൾ, നിശ്ചയമായും ഈ മനുഷ്യൻ നീതിമാൻ ആയിരുന്നു എന്ന് പറഞ്ഞുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തി.

സങ്കീ. 102:7 ഞാൻ ഉറക്കിളെച്ചിരിക്കുന്നു; വീട്ടിന്മുകളിൽ തനിച്ചിരിക്കുന്ന കുരികിൽപോലെ ആകുന്നു.

സങ്കീ. 109:4 എന്റെ സ്നേഹത്തിന്നു പകരം അവർ വൈരം കാണിക്കുന്നു; ഞാനോ പ്രാർത്ഥന ചെയ്തുകൊണ്ടിരിക്കുന്നു.

ലൂക്കൊ. 19:46 അവരോട് പറഞ്ഞത്, “എന്റെ ആലയം പ്രാർഥനാലയമാകും” എന്ന് എഴുതിയിരിക്കുന്നു, എന്നാൽ നിങ്ങൾ അതിനെ കൊള്ളക്കാരുടെ ഗുഹയാക്കിയിരിക്കുന്നു.

ലൂക്കൊ. 2:49 അവൻ അവരോട്, എന്തിനാകുന്നു നിങ്ങൾ എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ, കാര്യങ്ങളിലായിരിക്കണം എന്നു നിങ്ങൾക്ക് അറിയില്ലായിരുന്നോ? എന്നു ചോദിച്ചു.

ലൂക്കൊ. 11:1 പിന്നെ അവൻ ഒരു സ്ഥലത്ത് പ്രാർഥിച്ചുകൊണ്ടിരിക്കുകയായിരുന്നു, അവൻ നിർത്തിയപ്പോൾ, അവന്റെ ശിഷ്യന്മാരിൽ ഒരുവൻ അവനോട്, കർത്താവേ, യോഹന്നാനും അവന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെ പ്രാർഥിക്കുവാൻ പഠിപ്പിക്കേണം എന്നു പറഞ്ഞു.

A. ഒരു പ്രാർഥനാ മനുഷ്യനെന്ന നിലയിൽ കർത്താവായ യേശു എല്ലായ്പോഴും ദൈവവുമായി ഒന്നായിരുന്നു—യോഹ. 10:30.

യോഹ. 10:30 ഞാനും പിതാവും ഒന്നാകുന്നു.

B. ഒരു പ്രാർഥനാ മനുഷ്യനെന്ന നിലയിൽ, കർത്താവായ യേശു ഇടവിടാതെ ദൈവസന്നിധിയിൽ ജീവിച്ചു; താൻ ഒരിക്കലും ഒറ്റയ്ക്കല്ലെന്നും പിതാവ് തന്നോടുകൂടെ ഉണ്ടെന്നും അവൻ നമ്മോടു പറഞ്ഞു; ഓരോ നിമിഷവും അവൻ തന്റെ പിതാവിന്റെ മുഖം കണ്ടു—പ്രവൃ. 10:38; യോഹ. 8:29; 16:32; പ്ര.നി. പുറ. 33:14; 2 കൊരി. 2:10.

പ്രവൃ. 10:38 നസറേത്തിൽ നിന്നുള്ളവനായ യേശുവിനെ, ദൈവം എപ്രകാരം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്ത്, ദൈവം അവനോടുകൂടെ ഉള്ളതുകൊണ്ട് അവൻ നന്മ ചെയ്തും പിശാചിനാൽ പീഡിതരായിരുന്ന എല്ലാവരെയും സൗഖ്യമാക്കിയും സഞ്ചരിച്ചു എന്നു നിങ്ങൾതന്നെ അറിയുന്നുവല്ലോ.

യോഹ. 8:29 എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ട്; അവനെ പ്രസാദിപ്പിക്കുന്ന കാര്യങ്ങൾ ഞാൻ എപ്പോഴും ചെയ്യുന്നതുകൊണ്ട് അവൻ എന്നെ തനിച്ചു വിട്ടിട്ടില്ല.

| | |
|---|---|
| യോഹ. 16:32b | ...എങ്കിലും പിതാവ് എന്റെ കൂടെ ഉള്ളതിനാൽ ഞാൻ തനിച്ചല്ല. |
| പുറ. 33:14 | അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു. |
| 2 കൊരി. 2:10 | എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.; |

C. ഒരു പ്രാർഥനാ മനുഷ്യനെന്ന നിലയിൽ, ഏതൊരു തരത്തിലുള്ള കഷ്ടത്തിനും ഉപദ്രവത്തിനും കീഴിൽ കർത്താവായ യേശു തന്നിൽത്തന്നെ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിച്ചു—1 പത്രൊ. 2:23; ലൂക്കൊ. 23:46.

| | |
|---|---|
| 1 പത്രൊ. 2:23b | അവൻ... നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു; |
| ലൂക്കൊ. 23:46 | യേശുവോ ഉച്ചത്തിൽ വിളിച്ചുകൊണ്ട്, പിതാവേ, ഞാൻ എന്റെ ആത്മാവിനെ നിന്റെ കരങ്ങളിലേക്ക് ഭരമേൽപ്പിക്കുന്നു എന്നു പറഞ്ഞു. ഇതു പറഞ്ഞിട്ട്, അവൻ മരിച്ചു.. |

D. ഒരു പ്രാർഥനാ മനുഷ്യനെന്ന നിലയിൽ, കർത്താവായ യേശു എന്ന മനുഷ്യനിൽ ലോകത്തിന്റെ അധിപനായ സാത്താന് ഒന്നുമില്ലായിരുന്നു (ഒരു അടിത്തറയുമില്ല, ഒരു അവസരവുമില്ല, ഒരു പ്രത്യാശയുമില്ല, യാതൊന്നിലും ഒരു സാധ്യതയുമില്ല)—യോഹ. 14:30.

| | |
|---|---|
| യോഹ. 14:30b | ...എന്തെന്നാൽ ലോകത്തിന്റെ അധിപൻ വരുന്നു, എന്നിൽ അവന് ഒന്നുമില്ല.; |

## II. മത്തായി 6-ൽ കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർഥനയുടെ മാതൃക ദൈവഹിതം പ്രകടിപ്പിക്കുന്ന പ്രാർഥനയാണ്:

Matt 6 be omitted.

A. “സ്വർഗസ്ഥനായ നമ്മുടെ പിതാവിനോട്” “ഇപ്രകാരം പ്രാർഥിക്കുവിൻ” (വാ 9) എന്ന് നമ്മോടുള്ള കർത്താവിന്റെ നിർദ്ദേശമാണ് മത്തായി 6:9-13; പ്രാർഥനയുടെ ഈ മാതൃകയെ മൂന്ന് ഭാഗങ്ങളായി തിരിക്കുവാൻ കഴിയും:

| | |
|---|---|
| മത്താ. 6:9 | അതിനാൽ നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; |
| മത്താ. 6:10 | നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ. |
| മത്താ. 6:11 | അന്നന്നുള്ള ഞങ്ങളുടെ അപ്പം ഇന്നു ഞങ്ങൾക്കു നൽകേണമേ. |
| മത്താ. 6:12 | ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. |

മത്താ. 6:13 ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ; എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ.

1. ദൈവത്തെ സംബന്ധിച്ച മൂന്ന് അടിസ്ഥാന പ്രാർഥനകൾ ദിവ്യ ത്രിത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു; "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ" എന്നത് പ്രധാനമായും പിതാവിനോടും; "നിന്റെ രാജ്യം വരേണമേ" എന്നത് പുത്രനോടും; "നിന്റെ ഇഷ്ടം നടപ്പാക്കേണമേ" എന്നത് ആത്മാവിനോടും ബന്ധപ്പെട്ടിരിക്കുന്നു—വാ. 9-10:
    a. ഇത് ഈ യുഗത്തിൽ നിറവേറിക്കൊണ്ടിരിക്കുന്നു; ആത്യന്തികമായി അത് ദൈവത്തിന്റെ നാമം ഭൂമിയിലെമ്പാടും ശ്രേഷ്ഠമാകുകയും, ലോകരാജ്യം ക്രിസ്തുവിന്റെ രാജ്യമായിത്തീരുകയും, ദൈവഹിതം നിവർത്തിക്കപ്പെടുകയും ചെയ്യുന്ന രാജ്യയുഗത്തിൽ നിറവേറും—സങ്കീ. 8:1; വെളി. 11:15.

        സങ്കീ. 8:1 സംഗീതപ്രമാണിക്കു ഗത്ത്യരാഗത്തിൽ; ദാവീദിന്റെ ഒരു സങ്കീർത്തനം. ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു! നീ ആകാശത്തിൽ നിന്റെ തേജസ്സു വെച്ചിരിക്കുന്നു.

        വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

    b. സാത്താന്റെ മത്സരത്തിനും മനുഷ്യന്റെ വീഴ്ചയ്ക്കുംശേഷം, ദൈവഹിതം സ്വർഗത്തിലെന്നപോലെ ഭൂമിയിലും നടപ്പാപ്പാക്കേണ്ടതിന് ഭൂമി ദൈവത്തിന്റെ താല്പര്യത്തിനായി പ്രത്യുദ്ധരിക്കപ്പെടത്തക്കവണ്ണം സ്വർഗീയ ഭരണം ഭൂമിയിലേക്ക് കൊണ്ടുവരാൻ ക്രിസ്തു വന്നു (മത്താ. 6:10); വരാനിരിക്കുന്ന രാജ്യയുഗത്തിൽ ഭൂമി ദൈവഹിതത്തിനായി പൂർണമായും പ്രത്യുദ്ധരിക്കപ്പെടുന്നതുവരെ രാജ്യജനം ഇതിനായി പ്രാർഥിക്കണം.

        മത്താ. 6:10b ...നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

2. നമ്മുടെ ആവശ്യത്തെക്കുറിച്ചുള്ള മൂന്ന് അപേക്ഷകൾ സംരക്ഷണ പ്രാർഥനകളാണ്: "അന്നന്നുള്ള ഞങ്ങളുടെ അപ്പം ഇന്നു ഞങ്ങൾക്കു നല്കേണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ"—വാ. 11-13:

a. *അന്നന്നുള്ള അപ്പം* വിശ്വാസത്താലുള്ള ഒരു ജീവിതത്തെ സൂചിപ്പിക്കുന്നു; നാം വിശ്വാസത്താൽ, പിതാവിന്റെ അന്നന്നുള്ള സഹായത്താൽ ജീവിക്കണം.

b. ക്രിസ്തുവിന്റെ തീർപ്പുകല്പിക്കുന്ന സമാധാനത്താൽ സമാധാനം നിലനിർത്തുവാൻ തങ്ങളുടെ കടക്കാരോട് അവർ ക്ഷമിക്കുന്നതുപോലെ, തങ്ങളുടെ കടങ്ങളും, പരാജയങ്ങളും, അതിക്രമങ്ങളും ക്ഷമിക്കുവാൻ രാജ്യജനം പിതാവിനോട് അപേക്ഷിക്കണം; നമുക്കും ദൈവത്തിനും ഇടയിലും നമുക്കും മറ്റുള്ളവർക്കും ഇടയിലുമുള്ള ഏത് വേർതിരിക്കുന്ന ഘടകങ്ങളെയും നാം വെടിപ്പാക്കേണ്ടതുണ്ട്—വാ. 14-15; കൊലൊ. 3:15.

| | |
|---|---|
| മത്താ. 6:14 | എന്തെന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിച്ചാൽ, നിങ്ങളുടെ സ്വർഗീയ പിതാവ് നിങ്ങളോടും ക്ഷമിക്കും; |
| മത്താ. 6:15 | എന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിക്കാതിരുന്നാൽ, നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങളെയും ക്ഷമിക്കുകയില്ല. |
| കൊലൊ. 3:15 | ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കട്ടെ, അതിലേക്കല്ലോ നിങ്ങളെ ഏക ശരീരത്തിൽ വിളിച്ചത്; നന്ദിയുള്ളവരായും ഇരിക്കുവിൻ. |

c. നമ്മുടെ ബലഹീനത നമുക്കറിയാമെന്നതുകൊണ്ട് നമ്മെ പരീക്ഷയിലേക്ക് കൊണ്ടുവരാതെ, ദുഷ്ടനായ പിശാചിൽനിന്നും, അവനിൽനിന്നു വരുന്ന ദുഷ്ടതയിൽനിന്നും (ആത്മാവിനാൽ നിറയുന്നതിലൂടെ) നമ്മെ വിടുവിക്കണമെന്ന് നാം പിതാവിനോട് അപേക്ഷിക്കണം—യോഹ. 17:15; എഫെ. 5:16-18; 6:13.

| | |
|---|---|
| യോഹ. 17:15 | ലോകത്തിൽനിന്ന് അവരെ എടുത്തുമാറ്റണമെന്നല്ല, ദുഷ്ടന്റെ കരങ്ങളിൽനിന്ന് അവരെ സൂക്ഷിക്കണമെന്നത്രേ ഞാൻ നിന്നോട് അപേക്ഷിക്കുന്നത്. |
| എഫെ. 5:16 | ഇത് ദുഷ്ട നാളുകൾ ആകയാൽ, സമയത്തെ വീണ്ടെടുത്ത് അജ്ഞാനികളായല്ല ജ്ഞാനികളായത്രേ നടക്കുവിൻ. |
| എഫെ. 5:17 | അതുകൊണ്ട് മൂഢരാകാതെ, കർത്താവിന്റെ ഹിതം എന്തെന്ന് മനസ്സിലാക്കുവിൻ. |
| എഫെ. 5:18 | വീഞ്ഞ് കുടിച്ച് മത്തരാകരുത്, അതിന്മൂലം നിയന്ത്രണമില്ലായ്മ ഉണ്ടാകുന്നു, എന്നാൽ |

എഫെ. 6:13 ആത്മാവിൽ നിറഞ്ഞവരാകുവിൻ, അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ.

3. പിതാവിനോടുള്ള പ്രാർഥന മൂന്ന് ആദരവോടുകൂടിയ സ്തുതികളോടെ അവസാനിക്കുന്നു: "എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ"—രാജ്യം പുത്രന്റേതാണ്, അത് ദൈവം തന്റെ ശക്തി പ്രയോഗിക്കുന്ന മണ്ഡലമാണ്; ശക്തി ആത്മാവിന്റേതാണ്, പിതാവിന് മഹത്വത്തിൽ തന്റെ സംഘാത ആവിഷ്കാരം ഉണ്ടായിരിക്കത്തക്കവണ്ണം അത് ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നു—മത്താ. 6:13:
   a. അങ്ങനെ, കർത്താവിന്റെ പ്രാർഥനയുടെ മാതൃക ദിവ്യത്രിത്വത്തിൽ ആരംഭിച്ച് ദിവ്യത്രിത്വത്തിൽ അവസാനിക്കുന്നു.
   b. അത് പിതാവായ ദൈവത്തിൽ ആരംഭിക്കുകയും പിതാവായ ദൈവത്തിൽ അവസാനിക്കുകയും ചെയ്യുന്നു; പിതാവായ ദൈവം ആരംഭവും അവസാനവും, ആൽഫയും ഒമേഗയും ആണ്.

B. ഇങ്ങനെയുള്ള നിർണായകമായ ഒരു പ്രാർഥന, പിതാവിന്റെ ഹൃദയാഗ്രഹമായ സ്വർഗരാജ്യത്തിനായുള്ള നമ്മുടെ അന്വേഷണം വർദ്ധിപ്പിക്കുകയും ദൈവത്തിന്റെ സുപ്രസാദത്തിനുവേണ്ടി സ്വർഗരാജ്യത്തിന്റെ പരമോന്നതവും കർശനവുമായ എല്ലാ ആവശ്യകതകളും നിറവേറ്റുന്നതിന് നമുക്കാവശ്യമായ കൃപയുടെ ദിവ്യസഹായം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

## III. ലൂക്കൊസ് 11:1-13-ലുള്ള കർത്താവിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാം പ്രാർഥിക്കുന്നുവെങ്കിൽ, അതിന്റെ ഫലം നാം നമ്മെത്തന്നെ ദൈവത്തിലേക്ക് പ്രാർഥിക്കുന്നതായിരിക്കും:

ലൂക്കൊ. 11:1 പിന്നെ അവൻ ഒരു സ്ഥലത്ത് പ്രാർഥിച്ചുകൊണ്ടിരിക്കുകയായിരുന്നു, അവൻ നിർത്തിയപ്പോൾ, അവന്റെ ശിഷ്യന്മാരിൽ ഒരുവൻ അവനോട്, കർത്താവേ, യോഹന്നാനും അവന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെ പ്രാർഥിക്കുവാൻ പഠിപ്പിക്കേണം എന്നു പറഞ്ഞു.

ലൂക്കൊ. 11:2 അവൻ അവരോടു പറഞ്ഞു, നിങ്ങൾ പ്രാർഥിക്കുമ്പോൾ, പറയുവിൻ, പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ.

ലൂക്കൊ. 11:3 അന്നന്നുള്ള ഞങ്ങളുടെ അപ്പം ഓരോ ദിവസവും ഞങ്ങൾക്കു നൽകേണമേ.

ലൂക്കൊ. 11:4 ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ, ഞങ്ങളും

ഞങ്ങളോടു കടംപെട്ടിരിക്കുന്ന എല്ലാവരോടും ക്ഷമിക്കുന്നു. ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരരുതേ.

ലൂക്കൊ. 11:5 അവൻ അവരോട് പറഞ്ഞു, നിങ്ങളിൽ ആർക്ക് ഒരു സ്നേഹിതൻ ഉണ്ടായിട്ട്, അർധരാത്രിയിൽ അവന്റെ അടുക്കൽ പോയി അവനോട്, സ്നേഹിതാ, എനിക്കു മൂന്ന് അപ്പം കടം നൽകേണം,

ലൂക്കൊ. 11:6 എന്റെ ഒരു സ്നേഹിതൻ യാത്രയിൽ എന്റെ അടുക്കൽ വന്നതിനാൽ, അവന്റെ മുമ്പാകെ വയ്ക്കുവാൻ എനിക്ക് ഒന്നും ഇല്ല എന്നു പറയുകയും,

ലൂക്കൊ. 11:7 അവൻ അകത്തുനിന്ന്, എന്നെ ബുദ്ധിമുട്ടിക്കരുത്, നേരത്തെതന്നെ വാതിൽ അടച്ചിരിക്കുന്നു, എന്റെ കുഞ്ഞുങ്ങൾ എന്നോടൊപ്പം കട്ടിലിലുണ്ട്; എഴുന്നേറ്റ് നിനക്ക് എന്തെങ്കിലും തരുവാൻ എനിക്കു കഴിയില്ല എന്നു ഉത്തരം പറയുകയും ചെയ്യും?

ലൂക്കൊ. 11:8 ഞാൻ നിങ്ങളോടു പറയുന്നു, അവൻ അവന്റെ സ്നേഹിതൻ ആയതിനാൽ, എഴുന്നേറ്റ് അവന് ഒന്നും കൊടുത്തില്ലെങ്കിൽ കൂടി, തീർച്ചയായും അവന്റെ ലജ്ജയില്ലാത്ത നിരന്തരമായ നിർബന്ധം നിമിത്തം എഴുന്നേറ്റ് ആവശ്യമായത് അവനു നൽകും.

ലൂക്കൊ. 11:9 ഞാൻ നിങ്ങളോടു പറയുന്നു, ചോദിക്കുവിൻ നിങ്ങൾക്കു നൽകപ്പെടും; അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും.

ലൂക്കൊ. 11:10 എന്തെന്നാൽ ചോദിക്കുന്ന ഏവനും ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവനു തുറക്കപ്പെടുകയും ചെയ്യും.

ലൂക്കൊ. 11:11 എന്നാൽ മകൻ മീൻ ചോദിക്കുമ്പോൾ, മീനിനു പകരം പാമ്പിനെ കൊടുക്കുന്ന ഏതു പിതാവ് നിങ്ങളുടെ ഇടയിൽ ഉണ്ട്?

ലൂക്കൊ. 11:12 അല്ലെങ്കിൽ അവൻ മുട്ട ചോദിച്ചാൽ അവനു തേളിനെ കൊടുക്കുമോ?

ലൂക്കൊ. 11:13 അങ്ങനെ ദുഷ്ടന്മാരായിരിക്കേ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ഉപഹാരങ്ങളെ നൽകുവാൻ അറിയുന്നുവെങ്കിൽ, സ്വർഗത്തിൽ നിന്നുള്ള പിതാവ് തന്നോടു ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം നൽകും!

A. പലപ്പോഴും നമ്മുടെ അനുഭവത്തിൽ നാം ദൈവത്തിൽനിന്ന് വ്യതിചലിപ്പിക്കപ്പെടുന്നു; നാം ദൈവത്തിൽ തങ്ങുന്നില്ല—നാം അവനിൽ നിലനിൽക്കുന്നില്ല; ഇതുകൊണ്ടാണ് നാം നമ്മെത്തന്നെ ദൈവത്തിലേക്ക് പ്രാർഥിക്കേണ്ടത്.

B. നാം ദൈവത്തിൽനിന്നും എളുപ്പത്തിൽ വ്യതിചലിച്ചുപോകുന്നതുകൊണ്ട്, അവനിലേക്ക് നമ്മെത്തന്നെ പ്രാർഥിച്ചുകൊണ്ട് നാം എല്ലാ പ്രഭാതത്തിലും അവനുമായി സമയം ചെലവഴിക്കണം—സങ്കീ. 5:3; യെശ. 50:4.

സങ്കീ. 5:3 യഹോവേ, രാവിലെ എന്റെ പ്രാർത്ഥന കേൾക്കേണമേ; രാവിലെ ഞാൻ നിനക്കായി ഒരുക്കി കാത്തിരിക്കുന്നു.

യെശ. 50:4 തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ

അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന്നു അവൻ എന്റെ ചെവി ഉണർത്തുന്നു.

C. നമ്മുടെ പ്രാർഥനാരീതി നമ്മെ കർത്താവിൽനിന്നും വ്യതിചലിപ്പിക്കുകയും നമ്മെ അവനിലേക്ക് കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം നമ്മെത്തന്നെ അവനിലേക്ക് പ്രാർഥിക്കത്തക്കവണ്ണം നമ്മുടെ പ്രാർഥനാരീതി മാറ്റണം.

D. നാം നമ്മെത്തന്നെ ദൈവത്തിലേക്ക് പ്രാർഥിക്കുമ്പോൾ, അപ്പം, മത്സ്യം, മുട്ട എന്നിവയാൽ പ്രതിനിധീകരിക്കപ്പെടുന്ന അവന്റെ സമ്പത്ത് നമ്മുടെ സഹായത്തിനായി നമ്മുടെ ആളത്തത്തിലേക്ക് സ്വീകരിക്കുന്നു—ലൂക്കൊ. 11:5-13:

ലൂക്കൊ. 11:5 അവൻ അവരോട് പറഞ്ഞു, നിങ്ങളിൽ ആർക്ക് ഒരു സ്നേഹിതൻ ഉണ്ടായിട്ട്, അർധരാത്രിയിൽ അവന്റെ അടുക്കൽ പോയി അവനോട്, സ്നേഹിതാ, എനിക്കു മൂന്ന് അപ്പം കടം നൽകേണം,

ലൂക്കൊ. 11:6 എന്റെ ഒരു സ്നേഹിതൻ യാത്രയിൽ എന്റെ അടുക്കൽ വന്നതിനാൽ, അവന്റെ മുമ്പാകെ വയ്ക്കുവാൻ എനിക്ക് ഒന്നും ഇല്ല എന്നു പറയുകയും,

ലൂക്കൊ. 11:7 അവൻ അകത്തുനിന്ന്, എന്നെ ബുദ്ധിമുട്ടിക്കരുത്, നേരത്തെതന്നെ വാതിൽ അടച്ചിരിക്കുന്നു, എന്റെ കുഞ്ഞുങ്ങൾ എന്നോടൊപ്പം കട്ടിലിലുണ്ട്; എഴുന്നേറ്റ് നിനക്ക് എന്തെങ്കിലും തരുവാൻ എനിക്കു കഴിയില്ല എന്നു ഉത്തരം പറയുകയും ചെയ്യും?

ലൂക്കൊ. 11:8 ഞാൻ നിങ്ങളോടു പറയുന്നു, അവൻ അവന്റെ സ്നേഹിതൻ ആയതിനാൽ, എഴുന്നേറ്റ് അവന് ഒന്നും കൊടുത്തില്ലെങ്കിൽ കൂടി, തീർച്ചയായും അവന്റെ ലജ്ജയില്ലാത്ത നിരന്തരമായ നിർബന്ധം നിമിത്തം എഴുന്നേറ്റ് ആവശ്യമായത് അവനു നൽകും.

ലൂക്കൊ. 11:9 ഞാൻ നിങ്ങളോടു പറയുന്നു, ചോദിക്കുവിൻ നിങ്ങൾക്കു നൽകപ്പെടും; അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും.

ലൂക്കൊ. 11:10 എന്തെന്നാൽ ചോദിക്കുന്ന ഏവനും ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവനു തുറക്കപ്പെടുകയും ചെയ്യും.

ലൂക്കൊ. 11:11 എന്നാൽ മകൻ മീൻ ചോദിക്കുമ്പോൾ, മീനിനു പകരം പാമ്പിനെ കൊടുക്കുന്ന ഏതു പിതാവ് നിങ്ങളുടെ ഇടയിൽ ഉണ്ട്?

ലൂക്കൊ. 11:12 അല്ലെങ്കിൽ അവൻ മുട്ട ചോദിച്ചാൽ അവനു തേളിനെ കൊടുക്കുമോ?

ലൂക്കൊ. 11:13 അങ്ങനെ ദുഷ്ടന്മാരായിരിക്കേ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ഉപഹാരങ്ങളെ നൽകുവാൻ അറിയുന്നുവെങ്കിൽ, സ്വർഗത്തിൽ നിന്നുള്ള പിതാവ് തന്നോടു ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം നൽകും!

1. *അപ്പം* ദേശത്തിന്റെ സമ്പത്തിനെയും; *മത്സ്യം* കടലിലെ സമ്പത്തിനെയും; *മുട്ട* വായുവിലും ഭൂമിയിലുമുള്ളതായതിന്റെ സമ്പത്തിനെയും പ്രതിനിധീകരിക്കുന്നു; ഈ സമ്പത്തുകളുടെ ആകെത്തുകയാണ് പരിശുദ്ധാത്മാവ്.
2. ദൈവത്തിൽ നിലനിൽക്കുവാൻ നാം നമ്മെത്തന്നെ അവനിലേക്ക് പ്രാർഥിക്കുമ്പോൾ, നമ്മെത്തന്നെയും നമ്മുടെ കരുതലിൻകീഴിലുള്ള എല്ലാവരെയും നമുക്ക് പോറ്റുവാൻ കഴിയത്തക്കവണ്ണം അപ്പത്താലും, മത്സ്യത്താലും, മുട്ടയാലും സൂചിപ്പിക്കപ്പെടുന്ന പരിശുദ്ധാത്മാവിനെ നമ്മുടെ ജീവസഹായമായി നാം സ്വീകരിക്കുന്നു—1 യോഹ. 5:16; 2 കൊരി. 3:6; പ്രവൃ. 6:4.

   1 യോഹ. 5:16a ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും,..

   2 കൊരി. 3:6 അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു.

   പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും..

E. നാം നമ്മെത്തന്നെ ദൈവത്തിലേക്ക് പ്രാർഥിക്കുകയും ക്രിസ്തുവിന്റെ അപ്രമേയ ധനത്തിന്റെ യാഥാർഥ്യമായ സർവവും ഉൾക്കൊള്ളുന്ന ആത്മാവിന്റെ ധാരാളമായ സഹായമായി അവന്റെ സമ്പന്ന സഹായം സ്വീകരിക്കുകയും ചെയ്യുമ്പോൾ, നമ്മിൽ ഭൂതങ്ങൾക്കോ, ദുഷ്ടാത്മാക്കൾക്കോ, ഇരുട്ടിനോ യാതൊരു ഇടവും ഇല്ലാതവണ്ണം നാം ഈ സഹായത്താൽ നിറയുകയും സ്വായത്തമാക്കപ്പെടുകയും ചെയ്യുന്നു—ലൂക്കൊ. 11:14.

ലൂക്കൊ. 11:14 ഒരിക്കൽ അവൻ ഊമയായ ഒരു ഭൂതത്തെ പുറത്താക്കുകയായിരുന്നു, ഭൂതം പുറത്തുപോയശേഷം, ഊമനായവൻ സംസാരിച്ചു, പുരുഷാരം ആശ്ചര്യപ്പെട്ടു.

F. നാം ദിവ്യസഹായത്തിന്റെ സമ്പത്തിനാൽ നിറഞ്ഞിരിക്കുന്നതുകൊണ്ട് നാം ഇരുട്ടിന്റെ യാതൊരു ഭാഗവുമില്ലാതെ വെളിച്ചത്താൽ നിറഞ്ഞ ഹൃദയമുള്ള വ്യക്തികളായിത്തീരുകയും നമുക്ക് മറ്റുള്ളവരെ പ്രകാശിപ്പിക്കുവാൻ കഴിയുകയും ചെയ്യുന്നു—വാ. 33-36; മത്താ. 5:8.

ലൂക്കൊ. 11:33 വിളക്കു കത്തിച്ചശേഷം ആരും അതിനെ

നിലവറയ്ക്കുള്ളിലോ പറയിൻ കീഴിലോ വയ്ക്കുന്നില്ല, ഉള്ളിലേക്കു പ്രവേശിക്കുന്നവർ വെളിച്ചം കാണേണ്ടതിന് വിളക്കുതണ്ടിന്മേലത്രേ വയ്ക്കുന്നത്.

ലൂക്കൊ. 11:34 ശരീരത്തിന്റെ വിളക്ക് നിന്റെ കണ്ണാകുന്നു. നിന്റെ കണ്ണ് ഏകാഗ്രം ആയിരിക്കുമ്പോൾ, നിന്റെ ശരീരം മുഴുവനും വെളിച്ചംകൊണ്ടു നിറഞ്ഞതാകുന്നു; എന്നാൽ അത് തിന്മയുള്ളത് ആയിരിക്കുമ്പോൾ, നിന്റെ ശരീരം ഇരുണ്ടതാകുന്നു.

ലൂക്കൊ. 11:35 അതുകൊണ്ട് നിന്നിലുള്ള വെളിച്ചം ഇരുട്ടല്ല എന്നു നോക്കിക്കൊള്ളുക.

ലൂക്കൊ. 11:36 അതുകൊണ്ട് നിന്റെ ശരീരം മുഴുവൻ വെളിച്ചത്താൽ നിറഞ്ഞതും ഇരുണ്ട ഭാഗം ഒന്നും ഇല്ലാതെയും ഇരിക്കുന്നെങ്കിൽ, വിളക്ക് അതിന്റെ രശ്മിയോടെ നിന്നെ പ്രകാശിപ്പിക്കുന്നതു പോലെ മുഴുവനും വെളിച്ചത്താൽ നിറയും.

മത്താ. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

G. പ്രാർഥിക്കുകയെന്നാൽ നാം ഒന്നുമല്ലെന്നും നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ലെന്നുമാണ് അർഥമാക്കുന്നത്; പ്രാർഥന സ്വയത്തിന്റെ യഥാർഥ ത്യജിക്കലാണെന്ന് ഇത് വിവക്ഷിക്കുന്നു—മർക്കൊ. 8:34; 9:29; കൊലൊ. 4:2; ഗലാ. 2:20; ഫിലി. 3:3; 4:6-7, 11-13.

മർക്കൊ. 8:34 പിന്നെ അവൻ പുരുഷാരത്തെ തന്റെ ശിഷ്യന്മാരോടുകൂടെ അവന്റെ അടുക്കൽ വിളിച്ച് അവരോട് പറഞ്ഞു, ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നുവെങ്കിൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ.

മർക്കൊ. 9:29 അവൻ അവരോട്, പ്രാർഥനയാൽ അല്ലാതെ യാതൊരു വിധത്തിലും ഈ വകയ്ക്കു പുറത്തുവരുവാൻ കഴിയില്ല എന്നു പറഞ്ഞു.

കൊലൊ. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

ഫിലി. 3:3 നാം ആകുന്നു പരിച്ഛേദനക്കാർ, ദൈവാത്മാവിനാൽ സേവിക്കുന്നവരും ക്രിസ്തു യേശുവിൽ പ്രശംസിക്കുന്നവരും

ജഡത്തിൽ ആശ്രയമില്ലാത്തവരുമായ നാം തന്നെ,

ഫിലി. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

ഫിലി. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

ഫിലി. 4:11 ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു.

ഫിലി. 4:12 താഴ്ച്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു.

ഫിലി. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

H. പ്രാർഥിക്കുന്നത് വാസ്തവത്തിൽ “ഞാനല്ല, ക്രിസ്തുവത്രേ” എന്ന് പ്രഖ്യാപിക്കുന്നതാണ്; ഏതൊരു സാഹചര്യത്തോടും ഇടപെടുവാൻ നമ്മുടെ സ്വയപ്രയത്നത്തെ നാം വ്യായാമം ചെയ്യുന്നില്ലെന്ന് നമ്മുടെ പ്രാർഥന പ്രഖ്യാപിക്കുന്നു—ഗലാ. 2:20.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

I. കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന—“കർത്താവായ യേശുവേ!”—എന്ന ഇങ്ങനെയുള്ള ഒരു ചെറിയ പ്രാർഥനപോലും സൂചിപ്പിക്കുന്നത് “ഇനി ഞാനല്ല, ക്രിസ്തുവത്രേ” എന്നാണ്—റോമ. 10:12-13.

റോമ. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

റോമ. 10:13 “കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.”

**IV. ദൈവം നമ്മുടെ പ്രാർഥനകൾ കേൾക്കണമെങ്കിൽ, വിശുദ്ധ ദേശത്താലും, വിശുദ്ധ നഗരത്താലും, വിശുദ്ധ മന്ദിരത്താലും സൂചിപ്പിക്കപ്പെടുന്ന**

**ദൈവത്തിന്റെ താല്പര്യങ്ങൾക്കായി നാം പ്രാർഥിക്കേണ്ടതാവശ്യമാണ്—1 രാജാ. 8:48:**

1 രാജാ. 8:48 നിന്നോടു യാചിക്കയും അവരെ പിടിച്ചു കൊണ്ടുപോയ ശത്രുക്കളുടെ ദേശത്തുവെച്ചു അവർ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ നിങ്കലേക്കു തിരിഞ്ഞു, നീ അവരുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തേക്കു നീ തിരഞ്ഞെടുത്ത നഗരത്തിങ്കലേക്കും ഞാൻ നിന്റെ നാമത്തിന്നു പണിതിരിക്കുന്ന ഈ ആലയത്തിങ്കലേക്കും നോക്കി നിന്നോടു പ്രാർത്ഥിക്കയും ചെയ്താൽ;

A. വിശുദ്ധ ദേശം വിശ്വാസികൾക്ക് ദൈവം നറിക്കിട്ടു നൽകിയ ഓഹരിയായ ക്രിസ്തുവിനെ മുൻകുറിക്കുന്നു (കൊലൊ. 1:12; 2:6-7; ആവ. 8:7); വിശുദ്ധ നഗരം ക്രിസ്തുവിലുള്ള ദൈവരാജ്യത്തെ സൂചിപ്പിക്കുന്നു (സങ്കീ. 48:1-2); വിശുദ്ധ മന്ദിരം ഭൂമിയിലെ ദൈവത്തിന്റെ ഭവനമായ സഭയെ സൂചിപ്പിക്കുന്നു (എഫെ. 2:21; 1 തിമൊ. 3:15).

കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

കൊലൊ. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

കൊലൊ. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

ആവ. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

സങ്കീ. 48:1 ഒരു ഗീതം. കോരഹ് പുത്രന്മാരുടെ ഒരു സങ്കീർത്തനം. നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ, അവന്റെ വിശുദ്ധപർവ്വതത്തിൽ യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു.

സങ്കീ. 48:2 മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻപർവ്വതം ഉയരംകൊണ്ടു മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവുമാകുന്നു.

എഫെ. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

1 തിമൊ. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

B. ബാബിലോണ്യ അടിമത്തത്തിന്റെ സമയത്ത് ദാനീയേൽ തന്റെ ജാലകങ്ങൾ യെരൂശലേമിനു നേരേ തുറന്ന് ദിവസം മൂന്നു പ്രാവശ്യം പ്രാർഥിച്ചു; ദൈവത്തോടുള്ള നമ്മുടെ പ്രാർഥന ദൈവത്തിന്റെ നിത്യവ്യവസ്ഥയിലുള്ള ലക്ഷ്യമായ ക്രിസ്തുവിനും ദൈവരാജ്യത്തിനും ദൈവഭവനത്തിനും നേരെയായിരിക്കുമ്പോൾ ദൈവം നമ്മുടെ പ്രാർഥന കേൾക്കുമെന്ന് ഇത് സൂചിപ്പിക്കുന്നു—ദാനീ. 6:10.

ദാനീ. 6:10 എന്നാൽ രേഖ എഴുതിയിരിക്കുന്നു എന്നു ദാനീയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു, - അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരൂശലേമിന്നു നേരെ തുറന്നിരുന്നു - താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു.

C. ഇതർഥമാക്കുന്നത്, നാം ആർക്കുവേണ്ടി പ്രാർഥിച്ചാലും, നമ്മുടെ പ്രാർഥനകൾ ദൈവത്തിന്റെ താല്പര്യങ്ങളെ ലക്ഷ്യമാക്കിയുള്ളതായിരിക്കണം, അതായത്, ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനുവേണ്ടി ഭൂമിയിലെ ദൈവത്തിന്റെ താല്പര്യങ്ങളായ ക്രിസ്തുവിനെയും സഭയെയും ലക്ഷ്യമാക്കിയുള്ളതായിരിക്കണം.

**ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:**

## ഒന്നാം ദൈവമനുഷ്യന്റെ നിഗൂഢമായ മനുഷ്യ ജീവിതത്തിലുള്ള ദിവ്യ വസ്തുതകൾ മലമേലുള്ള തന്റെ പരമോന്നത ഉപദേശത്തിൽ, പ്രാർഥനയെ സംബന്ധിച്ച് ഒന്നാം ദൈവമനുഷ്യൻ തന്റെ ശിഷ്യന്മാരെ രണ്ടു പ്രാവശ്യം പഠിപ്പിക്കുന്നു

മത്തായിയുടെ രേഖ സ്വർഗരാജ്യത്തിലെ രാജ-രക്ഷകനായ ഒന്നാം ദൈവമനുഷ്യനെ സംബന്ധിച്ചതാണ്. നാല്പതു പകലും നാല്പതു രാവും മരുഭൂമിയിൽ അവൻ ഉപവസിച്ചതിന്റെ ദിവ്യ വസ്തുത നാം കണ്ടു. ഇപ്പോൾ പ്രാർഥനയെ സംബന്ധിച്ചുള്ള മലമുകളിലെ അവന്റെ പരമോന്നത ഉപദേശം കാണുവാൻ നാം ആഗ്രഹിക്കുന്നു.പല ബൈബിൾ പണ്ഡിതന്മാരും ഇതിനെ ഗിരിപ്രഭാഷണം എന്ന് വിളിക്കുന്നു, എന്നാൽ പ്രഭാഷണം എന്ന വാക്ക് എനിക്കിഷ്ടമല്ല.പകരം, ഞാൻ പരമോന്നത ഉപദേശം എന്ന പദപ്രയോഗം ഉപയോഗിക്കുന്നു. മനുഷ്യചരിത്രത്തിലുള്ള ഒരു ഉപദേശവും ഇതിനേക്കാൾ ഉയർന്നതല്ല. മലമുകളിലുള്ള അവന്റെ പരമോന്നത ഉപദേശത്തിൽ സ്വർഗരാജ്യത്തിലെ രാജരക്ഷകനായ ഒന്നാം ദൈവമനുഷ്യൻ പ്രാർഥനയെ സംബന്ധിച്ച് തന്റെ ശിഷ്യന്മാരെ രണ്ടു പ്രാവശ്യം പഠിപ്പിച്ചു. ഒന്നാം പ്രാവശ്യം പരമോന്നത ഉപദേശത്തിന്റെ മധ്യത്തിലായിരുന്നു, രണ്ടാം പ്രാവശ്യം തന്റെ പരമോന്നത ഉപദേശത്തിന്റെ അവസാനമായിരുന്നു.

### രാജ്യജീവിതത്തിന് നിർണായകമായ പ്രാർഥനയെസംബന്ധിച്ച സ്വർഗീയ ദർശനം ആദ്യമായി അനാവരണം ചെയ്യുന്നു

മത്തായി 6-ൽ (വാക്യങ്ങൾ 5-18) കർത്താവ് നമ്മെ പ്രാർഥിക്കുവാൻ പഠിപ്പിച്ച പ്രാർഥന ഇന്ന് പല സഭകളും  ചൊല്ലുന്നു, എന്നാൽ അവർ ചൊല്ലുന്നതിന്റെ യഥാർഥ പ്രാധാന്യം മിക്കവരും മനസ്സിലാക്കുന്നില്ല. സ്വർഗരാജ്യത്തിൽ ജീവിക്കുന്ന ഒരു ജീവിതമായ രാജ്യജീവിതത്തിന് ഈ പ്രാർഥന നിർണായകമാണ്.ഈ ഒരു പ്രാർഥന മുന്നറിയിപ്പുകളായി നാല് പ്രതിലോമ ആജ്ഞകളാൽ സമഗമിക്കപ്പെടുന്നു.

**പ്രാർഥന**

പ്രാർത്ഥന ഇപ്രകാരമാണ്: “സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ. അന്നന്നുള്ള ഞങ്ങളുടെ അപ്പം ഇന്നു ഞങ്ങൾക്കു നല്കേണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടുംക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ;എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ” (വാ. 9-13 .(പ്രാർഥിക്കുന്നവർ ദൈവത്തിൽനിന്നു ജനിച്ച ദൈവമക്കളായിരിക്കണം, അതിനാൽ ദൈവത്തെ അവരുടെ പിതാവെന്ന് വിളിക്കാനുള്ള അധികാരം, അവകാശം അവർക്കുണ്ട്. നമ്മെ ജനിപ്പിക്കാത്ത ഒരു വ്യക്തിയെ നമുക്ക് നമ്മുടെ പിതാവെന്ന് വിളിക്കുവാൻ നമുക്ക് കഴിയുകയില്ല. നമ്മെ ജനിപ്പിച്ച ഒരു പിതാവ് നമുക്ക് സ്വർഗത്തിലുണ്ട്. ഈ ഹ്രസ്വവും എന്നാൽ നിർണായകവുമായ പ്രാർഥന നിരവധി നിർണായക കാര്യങ്ങളെ ഉൾക്കൊള്ളുന്നു.

**പിതാവിന്റെ വിശുദ്ധ നാമം വിശുദ്ധീകരിക്കപ്പെടണം**

വിശുദ്ധീകരിക്കപ്പെടുകയെന്നാൽ പൊതുവായുള്ള എല്ലാറ്റിൽനിന്നും വേർപെട്ടും വ്യതിരിക്തരായുമിരിക്കുക എന്നാണ്. വീഴ്ചഭവിച്ച ഭൂമിയിൽ നിരവധി വ്യാജ ദൈവങ്ങളുണ്ട്. ലൗകികരായ ആളുകൾ നമ്മുടെ ദൈവത്തെ ആ ദൈവങ്ങളെപ്പോലെ പൊതുവായതായി കണക്കാക്കുന്നു. നമ്മുടെ പിതാവിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമെന്ന് നാം പ്രാർഥിക്കുന്നന്നുവെങ്കിൽ, നാം അത് കേവലം നമ്മുടെ വാക്കുകൾകൊണ്ട് ഉച്ചരിക്കരുത്. അവന്റെ നാമം വിശുദ്ധീകരിക്കപ്പെടണമെങ്കിൽ, നമ്മുടെ ജീവിതത്തിൽ നാം അവനെ ആവിഷ്കരിക്കണം.നാം ഒരു വിശുദ്ധ ജീവിതം, പൊതുവായതിൽനിന്നും വേർപെട്ട ഒരു ദൈനംദിന ജീവിതം, നയിക്കണം. ഇങ്ങനെയുള്ള ഒരു പ്രാർഥന പ്രാർഥിക്കുവാൻ നാം വിശുദ്ധീകരിക്കപ്പെട്ട വ്യക്തികളായിരിക്കണം, പൊതുവായതിൽനിന്നും വേർപെട്ടവരായിരിക്കണം. നമ്മുടെ ചുറ്റുമുള്ള എല്ലാവരിൽനിന്നും നാം വ്യതിരിക്തരും വേർപെട്ടവരുമായിരിക്കണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നാം വിശുദ്ധരായിരിക്കണം. വിശുദ്ധീകരിക്കപ്പെട്ട ജനമെന്ന നിലയിൽ, "ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ" എന്ന് നാം പ്രാർഥിക്കണം.

**പിതാവിന്റെ സ്വർഗീയരാജ്യം വരണം**

ഇന്ന് ലോകം ദൈവത്തിന്റെ രാജ്യമല്ല, മറിച്ച് അവന്റെ ശത്രുവിന്റെ രാജ്യമാണ്. അതുകൊണ്ടാണ് ഇന്നത്തെ ലോകത്തിന്റെ അധിപൻ സാത്താനാണെന്ന് ബൈബിൾ പറയുന്നത് (യോഹ. 12:31). സാത്താന്റെ രാജ്യമായ ലോകത്തിൽ നീതിയില്ല, സമാധാനമില്ല, സന്തോഷവുമില്ല. രാജ്യജീവിതത്തിന്റെ യാഥാർഥ്യം നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണെന്ന്റോമർ

14:17 പറയുന്നു. ഇന്ന് സാത്താന്റെ രാജ്യത്തിൽ സന്തോഷമില്ല, കാരണം സമാധാനമില്ല. ഐക്യരാഷ്ട്രസഭയിൽ, സമാധാനത്തെക്കുറിച്ച് എപ്പോഴും സംസാരിക്കുന്നു, എന്നാൽ നീതിയില്ലാത്തതുകൊണ്ട്അവിടെ സമാധാനമില്ല. നീതിയുടെ ഫലമാണ് സമാധാനം. തന്റെ രണ്ടാം ലേഖനത്തിൽ, പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും വസിക്കുന്ന പ്രാഥമികമായ കാര്യം നീതിയാണെന്ന് പത്രൊസ് പറയുന്നു (3:13). വരാനിരിക്കുന്ന രാജ്യത്തിൽ, സഹസ്രാബ്ദത്തിൽ, പ്രാഥമിക കാര്യം നീതിയായിരിക്കും. ഇന്നത്തെ ലോകത്തിൽ നീതിയില്ല, കാരണം ഇത് ദുഷ്ട ഭരണാധികാരിയായ സാത്താന്റെ രാജ്യമാണ്.

## പിതാവിന്റെ ദിവ്യഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാകണം

ഇന്ന് സാത്താന്റെ ഹിതം ദുഷ്ട മനുഷ്യരിലൂടെ ഭൂമിയിൽ നടപ്പാക്കപ്പെടുന്നു. ഹിറ്റ്ലറും, മുസ്സോളിനിയും, സ്റ്റാലിനും ഇന്ന് ഭൂമിയിലുള്ള മിക്ക ഭരണാധികാരികളോടൊപ്പം സാത്താന്റെ ഹിതം നടപ്പിലാക്കുവാൻ ശ്രമിച്ചു. സാത്താന്റെ ഹിതം പൂർണ്ണമായി നടപ്പിലാക്കാത്തതിൽ കർത്താവിന് നന്ദി പറയുന്നു. ഹിറ്റ്ലറും, മുസ്സോളിനിയും, സ്റ്റാലിനും നശിപ്പിക്കപ്പെട്ടു. നെപ്പോളിയൻ തന്റെ ഹിതം നടപ്പാക്കുവാൻ ആഗ്രഹിച്ചു, എന്നാൽ അവൻ വിജയിച്ചില്ല. പിതാവിന്റെ ദിവ്യഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കണമെന്ന് നാം പ്രാർഥിക്കേണ്ടതാവശ്യമാണ്. ഇത് സ്വർഗീയ ഭരണത്തെ, സ്വർഗരാജ്യത്തെ, ഭൂമിയിലേക്ക് കൊണ്ടുവരുന്നതാണ്. അപ്പോൾ പിതാവിന്റെ ഹിതം തീർച്ചയായും ഭൂമിയിൽ നടപ്പാകും.

ഈ മൂന്ന് കാര്യങ്ങൾ—നാമവും, രാജ്യവും, ഹിതവും—ഏക ത്രിയേകദൈവത്തിന്റെ സദ്ഗുണങ്ങളാണ്. നാമം പിതാവിന്റേതാണ്, കാരണം പിതാവാണ് ഉറവിടം; രാജ്യം പുത്രന്റേതാണ്, ഹിതം ആത്മാവിന്റേതാണ്. ഈ വിധത്തിൽ പ്രാർഥിക്കുന്നത് ത്രിയേകദൈവം സ്വർഗത്തിൽ പ്രബലനായിരിക്കുന്നതുപോലെ ഭൂമിയിലും പ്രബലനാകുവാൻ പ്രാർഥിക്കുന്നതാണ്.

## നമ്മുടെ അനിവാര്യതയുടെ, നമ്മുടെ അന്നന്നുള്ള അപ്പത്തിന്റെ, സഹായത്തിന്റെ കരുതൽ

കർത്താവ് തന്റെ പ്രാർഥനയിൽ നമ്മുടെ ദൈനംദിന ആവശ്യകതയെ ഉൾപ്പെടുത്തി.ഒരു ദിവസത്തേക്കു മാത്രമുള്ള നമ്മുടെ അപ്പത്തിനായി പ്രാർഥിക്കുവാൻ അവൻ നമ്മെ പഠിപ്പിച്ചു. നാളെയോ അടുത്ത മാസമോ അല്ല, ഇന്ന് നമുക്ക് നമ്മുടെ അന്നന്നുള്ള അപ്പം തരണമെന്ന് നാം നമ്മുടെ പിതാവിനോട് അപേക്ഷിക്കണം. നാളെയെക്കുറിച്ച് തന്റെ ജനം വിചാരപ്പെടുവാൻ അവൻ ആഗ്രഹിക്കുന്നില്ല. ഇന്നത്തെ ആവശ്യങ്ങൾക്കുവേണ്ടി മാത്രം അവർ പ്രാർഥിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. ഞാൻ ചെറുപ്പമായിരുന്നപ്പോൾ, ചൈനയിലുള്ള കൂട്ടുവേലക്കാരായ ഞങ്ങൾ ചിലപ്പോൾ ഞങ്ങളുടെ ഭൗതിക കരുതലിന്റെ അവസാനത്തിലെത്തുകയും, അടുത്ത ദിവസം ഞങ്ങൾ എങ്ങനെ ജീവിക്കുമെന്ന് ഞങ്ങൾ അറിയാതിരിക്കുകയും ചെയ്തു. ആ ദിവസത്തേക്കുള്ള ഞങ്ങളുടെ ആവശ്യം നിറവേറ്റുവാൻ എപ്പോഴും എന്തെങ്കിലും വന്നിരുന്നു. നമ്മുടെ ദൈനംദിന ആവശ്യത്തിനുള്ള സഹായത്തെക്കുറിച്ച് ശ്രദ്ധിക്കുവാൻ കർത്താവ് വിശ്വസ്തനാണ്.

## നമ്മുടെ കടക്കാരോട് നാം ചെയ്തതുപോലെ പിതാവ് നമ്മുടെ കടങ്ങൾ ക്ഷമിക്കുന്നു

മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധം നാം ശ്രദ്ധിക്കേണ്ടതാവശ്യമാണെന്ന് കർത്താവിന്റെ പ്രാർഥനയിൽ നാം കാണുന്നു. നമ്മുടെ കടങ്ങൾ ക്ഷമിക്കുവാൻ നാം പിതാവിനോട് അപേക്ഷിക്കുമ്പോൾ, നമ്മുടെ കടക്കാരോട് നാം ക്ഷമിക്കണം. നാം ദൈവത്തോട് കടംപെട്ടിരിക്കുന്നു, നമുക്ക് ചിലത് കടംപെട്ടിരിക്കുന്ന കടക്കാർ നമുക്കുമുണ്ട്. മറ്റുള്ളവരുമായി സമാധാനപരമായ ഒരു ബന്ധം നിലനിർത്തുന്നതിന്, നാം അവരോട് ക്ഷമിക്കേണ്ടതുണ്ട്. അങ്ങനെ, നമ്മെയും ദൈവത്തെയും തമ്മിലും, നമുക്കും മറ്റുള്ളവർക്കും ഇടയിലുമുള്ളഎല്ലാ വേർതിരിക്കുന്ന ഘടകങ്ങളെയും നാം വെടിപ്പാകേണ്ടതുണ്ട്.

### നമ്മെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് നമ്മെ വിടുവിക്കേണം

ദൈവാത്മാവ് കർത്താവായ യേശുവിനെ പരീക്ഷിച്ചതുപോലെ നമ്മെ പരീക്ഷിക്കുവാൻ, വിശ്വസ്തനും നമ്മെ കരുതുന്നവനുമായ നമ്മുടെ ദൈവം, ചിലപ്പോൾ നമ്മെ ഒരു പ്രലോഭന സാഹചര്യത്തിലേക്ക് കൊണ്ടുവരുന്നു (മത്താ. 4:1). എന്നാൽ നമ്മുടെ ബലഹീനത നാം അറിയുന്നതുകൊണ്ട് നാം ഇങ്ങനെ പ്രാർഥിക്കണം: "ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരരുതേ." നമ്മുടെ ബലഹീനതയെക്കുറിച്ചുള്ള നമ്മുടെ അറിവിനെ ഇത് സൂചിപ്പിക്കുന്നു. ദുഷ്ടനിൽനിന്നുള്ള വിടുതലിനുവേണ്ടി പ്രാർഥിക്കുന്നത് സാത്താനോട് ഇടപെടുന്നതാണ്. കർത്താവിന്റെ പ്രാർഥന ത്രിയേകദൈവത്തെയും, നമ്മുടെ ദൈനംദിന ആവശ്യത്തെയും, ദൈവവുമായും മറ്റുള്ളവരുമായുമുള്ള നമ്മുടെ ബന്ധത്തെയും, ഒപ്പം സാത്താനെയും ശ്രദ്ധിക്കുന്നു.

### രാജ്യവും, ശക്തിയും, മഹത്വവും എന്നേക്കും പിതാവിന്റേതാണെന്ന് ആദരപൂർവ്വം തിരിച്ചറിഞ്ഞ് സ്തുതിക്കുക

പിതാവിനോടുള്ള പ്രാർഥന ഈ വിധത്തിൽ അവസാനിക്കുന്നു: “രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു.ആമേൻ” (6:13). ദൈവത്തിന്റെ രാജ്യത്തിന്റെയും ശക്തിയുടെയും മഹത്വത്തിന്റെയും സാക്ഷാൽക്കാരവും സ്തുതിയും ഇവിടെയാണുള്ളത്. ഇതും ത്രിയേകദൈവത്തെ സൂചിപ്പിക്കുന്നു. രാജ്യം പുത്രന്റേതാണ്, അത് ദൈവം തന്റെ ശക്തി പ്രയോഗിക്കുന്ന മണ്ഡലമാണ്. ശക്തി ആത്മാവിന്റേതാണ്, അത് പിതാവിന് തന്റെ മഹത്വം ആവിഷ്കരിക്കുവാൻ കഴിയത്തക്കവണ്ണം ദൈവത്തിന്റെ ഉദ്ദേശ്യം നിർവഹിക്കുന്നു. കർത്താവ് നമ്മെ പ്രാർഥിക്കുവാൻ പഠിപ്പിച്ച പ്രാർഥന പിതാവ്, പുത്രൻ, ആത്മാവ് എന്നീ ക്രമത്തിൽ ത്രിയേകദൈവത്തോടുകൂടെ ആരംഭിക്കുന്നുവെന്നും ത്രിയേകദൈവത്തോടുകൂടെത്തന്നെ അവസാനിക്കുന്നുവെങ്കിലും അത് പുത്രൻ, ആത്മാവ്, പിതാവ് എന്നീ ക്രമത്തിലാണെന്നും ഇത് സൂചിപ്പിക്കുന്നു. അങ്ങനെ, കർത്താവ് തന്റെ പരമോന്നത പഠിപ്പിക്കലിൽ പഠിപ്പിച്ച പ്രാർഥന പിതാവായ ദൈവത്തോടുകൂടെ ആരംഭിക്കുകയും പിതാവായ ദൈവത്തോടുകൂടെ അവസാനിക്കുകയും ചെയ്യുന്നു. പിതാവായ ദൈവമാണ് ആരംഭവും അവസാനവും, ആൽഫയും ഒമേഗയും.

ഇങ്ങനെയുള്ള നിർണായകമായ ഒരു പ്രാർഥന തീർച്ചയായും പിതാവിന്റെ ഹൃദയാഗ്രഹമായ സ്വർഗരാജ്യത്തിന്റെ പരമോന്നതവും കർശനവുമായ എല്ലാ ആവശ്യകതകളും നിറവേറ്റുന്നതിനുള്ള നമ്മുടെ ആവശ്യമായ ദിവ്യകൃപയുടെ സഹായം പ്രദാനം ചെയ്യുകയും ചെയ്യുന്നു.ഒരുവശത്ത് പിതാവിന്റെ

ഹൃദയാഗ്രഹത്തിനനുസരിച്ച് നാം ചിലത് അന്വേഷിക്കുന്നു.മറുവശത്ത്, പിതാവിന്റെ സുപ്രസാദത്തിനുവേണ്ടി ചിലത് നിറവേറ്റുവാനുള്ള സഹായം നമുക്കുണ്ട്.

### മുന്നറിയിപ്പുകളായി നാല് പ്രതിലോമ ആജ്ഞകൾ

### കപടഭക്തിക്കാരെപ്പോലെ പ്രാർഥിക്കരുത്

കപടഭക്തിക്കാർ മുഖംമൂടി ധരിച്ച് പ്രാർഥിക്കുന്നതുപോലെ പ്രാർഥിക്കരുതെന്ന് കർത്താവ് തന്റെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകി. മനുഷ്യരാൽ കാണപ്പെടുവാനും അവരുടെ ജഡികമായ ആഗ്രഹത്തിന്റെ മോഹത്തിനൊത്തവണ്ണം മനുഷ്യരിൽനിന്നും മഹത്വം സ്വീകരിക്കുവാനുമായി പരസ്യമായ ഒരു പ്രകടനം നടത്തുവാൻ അവർ ഇഷ്ടപ്പെടുന്നു. പകരം, ശിഷ്യന്മാർ അവരുടെ സ്വകാര്യ മുറിയിൽ പ്രവേശിച്ച്, വാതിൽ അടച്ച് പിതാവിനാൽ രഹസ്യമായി കാണപ്പെടുവാനും അവനാൽ പ്രതിഫലം പ്രാപിക്കുവാനും സ്വർഗസ്ഥനായ പിതാവിനോട് പ്രാർഥിക്കണം (വാ. 5-6). രഹസ്യത്തിലുള്ള വ്യക്തികളായിരിക്കുവാൻ നാം പഠിക്കണം. മറ്റുള്ളവരാൽ കാണപ്പെടാനുള്ള ബാഹ്യമായ ഒരു പരസ്യ പ്രകടനമല്ല, മറിച്ച് രഹസ്യത്തിൽ പിതാവിനാൽ കാണപ്പെടുവാൻ നമ്മുടെ സ്വകാര്യ സ്ഥലത്ത് നാം പ്രാർഥിക്കണം. നാം ശരിയായി പ്രാർഥിക്കുന്നുവെങ്കിൽ, ദൈവം നമുക്ക് ഒരു പ്രതിഫലം മടക്കിത്തരും. കപടഭക്തിക്കാർ അവരുടെ പ്രതിഫലം സ്വീകരിച്ചുകഴിഞ്ഞു, എന്നാൽ നാമോ നമ്മുടെ ദൈവത്തിന്റെ പ്രതിഫലം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നു.

### ജാതികൾ പ്രാർഥിക്കുന്നതുപോലെ പ്രാർഥിക്കരുത്

പൊള്ളവാക്കുകൾ ജല്പനം ചെയ്തുകൊണ്ട്, തങ്ങളുടെ വാക്കുകളുടെ പെരുപ്പത്താൽ അവർ കേൾക്കപ്പെടുമെന്ന് കരുതിക്കൊണ്ട് ജാതികൾ പ്രാർഥിക്കുന്നതുപോലെ ശിഷ്യന്മാർ പ്രാർഥിക്കരുത്. ശിഷ്യന്മാർ ചോദിക്കുന്നതിനുമുമ്പേ അവരുടെ പിതാവ് അവർക്ക് ആവശ്യമുള്ള കാര്യങ്ങൾ അറിയുന്നു (വാ. 7-8). നാം വചനം പ്രാർഥനാ-വായന ചെയ്യുന്നത് ആവർത്തനമാണെന്ന് ചിലർ നമ്മെ കുറ്റംവിധിച്ചിട്ടുണ്ട്, എന്നാൽ പ്രാർഥനാവായന ആത്മിക ശ്വസനമാണ്. ശ്വസനം എപ്പോഴും ആവർത്തിച്ചുള്ളതാണ്. നമ്മുടെ ശ്വസനം നാം ആവർത്തിക്കുന്നില്ലെങ്കിൽ, നാം മരിക്കും.

### മനുഷ്യരുടെ അതിക്രമങ്ങൾ ക്ഷമിക്കുന്നു

അവന്റെ ശിഷ്യന്മാർ മനുഷ്യരുടെ  അതിക്രമങ്ങളെ ക്ഷമിക്കുന്നുവെങ്കിൽ, അവരുടെ സ്വർഗീയ പിതാവ് ശിഷ്യന്മാരോടും ക്ഷമിക്കും; അല്ലെങ്കിൽ, അവരുടെ പിതാവ് അവരുടെ അതിക്രമങ്ങളെ ക്ഷമിക്കുകയില്ല. ഇത് അവരുടെ സ്വർഗീയ പിതാവിനോടുള്ള പ്രാർഥനയെ അസാധുവാക്കുന്നു (വാ. 14-15).

### വിഷാദ മുഖമുള്ള കപടഭക്തിക്കാരെപ്പോലെ ഉപവസിക്കരുത്

തങ്ങളുടെ ഉപവാസം മനുഷ്യർക്ക് ദൃശ്യമാകേണ്ടതിന് അവരുടെ മുഖം വികൃതമാക്കിക്കൊണ്ട് വിഷാദ മുഖമുള്ള കപടഭക്തിക്കാരെപ്പോലെ ശിഷ്യന്മാർ ഉപവസിക്കരുത്. അവരുടെ ഉപവാസം മനുഷ്യർക്ക് ദൃശ്യമാകുന്നതിനല്ല, മറിച്ച് രഹസ്യത്തിലിരിക്കുന്നഅവരുടെ പിതാവ് കാണുകയും അവർക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നതിന്  അവരുടെ പിതാവിന് ദൃശ്യമാകേണ്ടതിന് തങ്ങളുടെ തല അഭിഷേകം ചെയ്തുകൊണ്ടും മുഖം കഴുകിക്കൊണ്ടും ശിഷ്യന്മാർ ഉപവസിക്കണം  (വാ. 16-18).

## രണ്ടാം പ്രാവശ്യം സ്വർഗരാജ്യത്തെ സംബന്ധിച്ച തന്റെ പരമോന്നത ഉപദേശത്തിന്റെ സമാപനത്തിലായിരിക്കുന്നു

ഇപ്പോൾ കർത്താവ് പ്രാർഥനയെ സംബന്ധിച്ച് മലയിൽവച്ചുള്ള തന്റെ പരമോന്നത ഉപദേശത്തിൽ ശിഷ്യന്മാരെ പഠിപ്പിച്ച രണ്ടാമത്തെ പ്രാവശ്യത്തെക്കുറിച്ച് നമുക്ക് പരിഗണിക്കാം. രണ്ടാം പ്രാവശ്യത്തേത് മത്തായി 7:7-8-ൽ സ്വർഗരാജ്യത്തെ വാഗ്ദാനം ചെയ്തപ്പോൾ സ്വർഗരാജ്യത്തെക്കുറിച്ചുള്ള തന്റെ പരമോന്നത പഠിപ്പിക്കലിന്റെ സമാപനത്തിലാണ്. കർത്താവു പറഞ്ഞു: "ചോദിക്കുവിൻ [ദൂരത്തുനിന്നുള്ള പ്രാർഥനയെ സൂചിപ്പിക്കുന്നു,[ നിങ്ങൾക്കു നല്കപ്പെടും; അന്വേഷിക്കുവിൻ, [എന്തിനുവേണ്ടി പ്രാർഥിച്ചുവോ അതിനെ പിൻപറ്റുന്നതിനെ സൂചിപ്പിക്കുന്നു[, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ [എന്താണോ അന്വേഷിച്ചത്, അതിന്റെ ലക്ഷ്യത്തിലെത്തുന്നതിനെ സൂചിപ്പിക്കുന്നു[, നിങ്ങൾക്കു തുറക്കപ്പെടും."ഇങ്ങനെയുള്ള ഒരു വാഗ്ദത്തം സ്വർഗരാജ്യത്തെ അന്വേഷിക്കുന്നവർക്ക് സ്വർഗരാജ്യത്തിലെ എല്ലാ അനുഗ്രഹങ്ങളിലേക്കും പ്രവേശിക്കുവാൻ ഒരു തുറന്ന വാതിൽ നൽകപ്പെടുമെന്ന് ഉറപ്പുനൽകുന്നു.

മത്തായി 5—7-ൽ രേഖപ്പെടുത്തിയിരിക്കുന്ന മലമുകളിലെ കർത്താവിന്റെ പരമോന്നത ഉപദേശം വായിക്കുമ്പോൾ, നാം നിരാശരാകുകയും പരമോന്നതവും കർശനവുമായ ആവശ്യകതകൾ നിമിത്തം നമുക്ക് അത് ചെയ്യുവാൻ കഴിയില്ലെന്ന് ചിന്തിക്കുകയും ചെയ്തേക്കാം. അതിനാൽ സമാപനത്തിൽ, വാസ്തവത്തിൽ ഒരു വാഗ്ദത്തമായ ഒരു പ്രാർഥനയുണ്ട്. നാം ചോദിക്കുന്നുവെങ്കിൽ നാം സ്വീകരിക്കുമെന്നും, നാം അന്വേഷിക്കുമെങ്കിൽ നാം കണ്ടെത്തുമെന്നും നാം മുട്ടുന്നുവെങ്കിൽ നമുക്ക് തുറക്കപ്പെടുമെന്നും കർത്താവ് നമുക്ക് വാഗ്ദാനം ചെയ്തു.നാം ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും ചെയ്യുന്നുവെങ്കിൽ, നമ്മുടെ പരമോന്നതവും കർശനവുമായ രാജ്യജീവിതത്തിനായി സ്വർഗരാജ്യത്തിലെ എല്ലാ അനുഗ്രഹങ്ങളിലേക്കും നാം പ്രവേശിക്കും. ഈ വാഗ്ദാനം നമുക്ക് പരമോന്നതവും കർശനവുമായ ആവശ്യകതകൾ നിറവേറ്റുന്നതിനാവശ്യമായ കൃപ പ്രദാനം ചെയ്യുന്നു. സ്വർഗരാജ്യത്തിന്റെ എല്ലാ അനുഗ്രഹങ്ങളിലേക്കും പ്രവേശിക്കുന്നതിനായി വാതിൽ നമുക്കായി വിശാലമായി തുറക്കപ്പെടും. (*The Collected Worksof Witness Lee, 1994–1997,* vol. 3, "The God-man Living," pp. 536-541)